**A** **905**

# സമഗ്രശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണയം 2022 - 23

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 9

സമയം : $2\frac{1}{2}$ മണിക്കൂർ

ആകെ സ്കോർ : 80

---

**നിർദേശങ്ങൾ**

- ✦ ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ✦ ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസിലാക്കിയതിനു ശേഷം ഉത്തരമെഴുതുക.
- ✦ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** (7 × 2 = 14)

1. തന്നിരിക്കുന്നവ ഏതെല്ലാം മൗലികാവകാശങ്ങളെയാണ് സൂചിപ്പിക്കുന്നത്?

   A) അഭിപ്രായപ്രകടനത്തിനുള്ള അവകാശം.

   B) സ്ത്രീ - പുരുഷ വിവേചനം ഇല്ലാതാക്കൽ.

2. ഏതെങ്കിലും രണ്ട് ഘനീകരണരൂപങ്ങളുടെ പേരെഴുതുക.

3. ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാം?

4. അഗ്നിപർവതങ്ങൾ ഏതെല്ലാം വിധത്തിലാണ് മനുഷ്യന് ഉപകാരപ്രദമാകുന്നത്?

5. പട്ടിക പൂർത്തിയാക്കുക.

| സ്വരൂപങ്ങൾ | നാടുകൾ |
|---|---|
| കോലസ്വരൂപം | കോലത്തുനാട് |
| നെടിയിരുപ്പ് സ്വരൂപം | ......................(A)..................... |
| ....................(B).................... | വേണാട് |

6. ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് രീതികൾ എഴുതുക.

7. മധ്യകാലലോകത്തെ പ്രധാന വാണിജ്യപാതകളുടെ പേരെഴുതുക.

8. മധ്യകാലകേരളത്തിൽ നിലനിന്നിരുന്ന രണ്ട് കീഴ്മര്യാദകൾ കുറിക്കുക.

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** (6 × 3 = 18)

9. കടലാക്രമണം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങളെ പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ ഏതെല്ലാം?

10. മധ്യകാല ഇന്ത്യയിൽ കച്ചവട പുരോഗതിക്കായി ഭരണാധികാരികൾ വിവിധ നടപടികൾ സ്വീകരിച്ചു. അവ ഏതെല്ലാം?

11. സുസ്ഥിരവികസനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എഴുതുക.

12. വെള്ളപ്പൊക്കം അപകടകരമാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം?

13. നഗരവൽക്കരണം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സൂചിപ്പിക്കുക.

14. ഭക്തിപ്രസ്ഥാനം ഇന്ത്യൻ സമൂഹത്തിൽ നിരവധി മാറ്റങ്ങൾ ഉണ്ടാക്കി. അവ ഏതെല്ലാം?

15. കുന്നിൻപ്രദേശങ്ങളിൽ അവലംബിക്കുന്ന ശാസ്ത്രീയമായ ഭൂവിനിയോഗ രീതികൾ സൂചിപ്പിക്കുക.

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(9 × 4 = 36)**

16. 'എ' കോളത്തിന് അനുയോജ്യമായി 'ബി' കോളം ക്രമപ്പെടുത്തിയെഴുതുക.

| എ | ബി |
|---|---|
| കമ്പോളപരിഷ്കരണം | മുഗൾ ഭരണം |
| നായങ്കര സമ്പ്രദായം | മറാത്ത ഭരണം |
| അഷ്ടപ്രധാൻ | വിജയനഗര സാമ്രാജ്യം |
| മാൻസബ്ദാരി സമ്പ്രദായം | സൽത്തനത്ത് ഭരണം |

17. ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം വിശദമാക്കുക.

18. കുടിയേറ്റത്തിന് കാരണമാകുന്ന നിർബന്ധിത ഘടകങ്ങൾ ഏതെല്ലാം?

19. ലോക വ്യാപാരസംഘടന രൂപം നൽകിയ സ്വതന്ത്രവ്യാപാരക്കരാറുകളിലെ പ്രധാന നിർദേശങ്ങൾ എന്തെല്ലാം?

20. പെരുമാക്കൻമാരുടെ ഭരണത്തിന്റെ സവിശേഷതകൾ എഴുതുക.

21. പട്ടിക പൂർത്തിയാക്കുക.

| ഭൂരൂപരൂപീകരണ സഹായികൾ | ഭൂരൂപങ്ങൾ | അപരദനം /നിക്ഷേപണം |
|---|---|---|
| ...................(A)............... | പ്രളയസമതലം | നിക്ഷേപണം |
| തിരമാലകൾ | .....................(B)............ | അപരദനം |
| ഹിമാനികൾ | .....................(C).............. | അപരദനം |
| കാറ്റ് | ബർക്കനുകൾ | ............(D)..................... |

22. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ എഴുതുക.

23. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട പൊതുനടപടികൾ എന്തെല്ലാം?

24. വൃദ്ധജനങ്ങളുടെ അനാഥത്വത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

25. ഉദാരവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ ഏതെല്ലാം?

**26, 27 ചോദ്യങ്ങൾക്ക് ഓരോന്നിനും 6 സ്കോർ വീതം.** **(2 × 6 = 12)**

26. സൂചനകളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെക്കുറിച്ച് വിവരിക്കുക.

**സൂചനകൾ**

- തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ
- തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ

**അല്ലെങ്കിൽ**

പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെ കേരളത്തിൽ ഭൂമിയുടെ ഉടമാവകാശങ്ങളിൽ വന്ന മാറ്റങ്ങൾ വിശദീകരിക്കുക.

**സൂചനകൾ**

- ജന്മം ഭൂമി • വെറുംപാട്ടം • പണയപ്പാട്ടംവ്യവസ്ഥ

27. വിവിധതരം ഗ്രാമീണ വാസസ്ഥലമാതൃകകൾ വിശദീകരിക്കുക.

**അല്ലെങ്കിൽ**

മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.